(ബി) ഏറ്റവും ഒടുവിലായി ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ കുറച്ചതെന്നാണ് ;

(സി) ട്രഷറി നിക്ഷേപങ്ങളുടെ പലിശ കുറയുന്നതുമൂലം ട്രഷറി നിക്ഷേപങ്ങളിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് ട്രഷറി ജീവനക്കാർക്ക് ഇൻസെന്റീവ് നൽകിയിട്ടുണ്ടോ ; ഏതു വർഷം വരെ ഇൻസെന്റീവ് നൽകി; എത്ര തുക കുടിശ്ശിക ഉണ്ട്;

(ഇ) ട്രഷറി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ട്രഷറി നിക്ഷേപങ്ങൾക്ക് 18-2-2005-ലെ സ. ഉ. (പി) നമ്പർ 85/05/ധന പ്രകാരം 1-4-2005 മുതൽ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. അതിനുശേഷം മറ്റു നിർദ്ദേശങ്ങളൊന്നും തന്നെ നിലവിലില്ല.

(ബി) 18-2-2005-ലെ സ. ഉ. (പി) നമ്പർ 85/05/ധന പ്രകാരം 1-4-2005 മുതലാണ് ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് അവസാനമായി കുറച്ചത്.

(സി) കുറവ് ഉണ്ടായതായി കാണുന്നില്ല.

(ഡി) സ്ഥിരനിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് ട്രഷറി ജീവനക്കാർക്ക് ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2002-03 ധനകാര്യ വർഷത്തിന്റെ ആദ്യ പാദം വരെ ഈ ഇനത്തിൽ 25 കോടി രൂപയോളം കുടിശ്ശികയുണ്ട്.

(ഇ) പുതിയ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

മയക്കുമരുന്ന് കള്ളക്കടത്ത് നടത്തുന്നതിനെതിരെ നടപടി

18 [*308] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര മയക്കുമരുന്നു റാക്കറ്റിന്റെ നേതൃത്വത്തിൽ ഉത്തരേന്ത്യയിൽ നിന്നും കേരളം വഴി വിദേശരാജ്യങ്ങളിലേക്ക് മയക്കുമരുന്നു കള്ളക്കടത്ത് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേർ കസ്റ്റഡിയിലായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ;

(സി) കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര മയക്കുമരുന്ന് സംഘത്തിന്റെ കേരളത്തിലെ വേരോട്ടം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) & (ബി) വയനാട് ജില്ലയിൽ നിന്നും 22-1-2005-ന് 50.950 കി. ഗ്രാം കറുപ്പുമായി ഉത്തരേന്ത്യക്കാരായ രണ്ടുപേരെ വാഹനസഹിതം പിടികൂടിയിരുന്നു. എന്നാൽ ഇതുവരെയുള്ള അന്വേഷണത്തിൽ ഈ കേസിന് അന്താരാഷ്ട്ര ബന്ധമുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(സി) അന്താരാഷ്ട്ര മയക്കുമരുന്ന് സംഘത്തിന്റെ വേരോട്ടം കേരളത്തിൽ ഉള്ളതായി തെളിഞ്ഞിട്ടില്ലെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ നേരിടുന്നതിന് ന്യൂഡൽഹിയിലെ നർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ സഹകരണം ലഭ്യമാകുന്നതിനായി സംസ്ഥാനത്ത് 13-9-2004-ലെ ജി. ഒ. (ആർ‌റ്റി.) നമ്പർ 660/04/നി.വ. പ്രകാരം ഒരു ഉന്നതതല മൾട്ടി ഡിസിപ്ലിനറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ ഏജൻസികളുടെ കുടിവെള്ള വിതരണം

19 [*309] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ ഏജൻസികൾ അമിത വിലയ്ക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഏജൻസികൾ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) അങ്ങനെയുള്ള വാർത്ത മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയിൽ നിന്നും കൊടുക്കുന്ന വെള്ളം ഉദ്ദേശത്തിന് വിരുദ്ധമായി അമിത വിലയ്ക്ക് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly